**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2374** **30-09-2025 - ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന് ഉപയോഗം സംബന്ധിച്ച പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ആന്റണി രാജു** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മയക്കമരുന്ന് ഉപയോഗം സംബന്ധിച്ച് എക്സൈസ് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ വിശദമാക്കാമോ; | (എ) | കൗമാരപ്രായക്കാർക്കിടയിലെ ലഹരി ഉപയോഗവും, പൊതു സമൂഹത്തിൽ ലഹരി ഉപയോഗം വർദ്ധിക്കുന്നതിനുള്ള കാരണങ്ങളും അവ ചെറുക്കുന്നതിനുള്ള പ്രതിവിധികളും കണ്ടെത്തുന്നതിനായി എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മയക്കമരുന്ന് കേസ്സുകളിൽപെട്ടവരിലും, വിമുക്തിയുടെ ജില്ലാതല ഡീ-അഡിക്ഷൻ സെന്ററുകളിലും കൗൺസലിംഗ് സെന്ററുകളിലും ചികിത്സാർത്ഥം എത്തപ്പെട്ടവരിലും 21 വയസ്സിൽ താഴെ പ്രായമുള്ളവരിൽ ഒരു സർവ്വേ നടത്തിയിട്ടുണ്ട്.<br><br>"Public Opinion Survey on Substance Abuse" എന്ന പേരിൽ എക്സൈസ് വകുപ്പ്, വിമുക്തി മിഷന്റെ നേതൃത്വത്തിൽ ഒരു പൊതുജനാഭിപ്രായ സർവ്വേ നടത്തിയിട്ടുള്ളതാണ്. 26 വ്യത്യസ്ത വിഭാഗങ്ങളിലെ 62,693 വ്യക്തികളിൽ നിന്നും വിവരം (DATA) ശേഖരിക്കുകയും ടി വിവരങ്ങൾ അപഗ്രഥിച്ച്, വിഷയവിദഗ്ദ്ധരുടെ ഒരു ടീം രൂപീകരിച്ച്, സമഗ്രമായ വിശകലനത്തിനും ചർച്ചയ്ക്കും വിധേയമാക്കിയിട്ടുണ്ട്.<br><br>ലഹരി വസ്തുക്കളുടെ ഉത്പാദനം, വിൽപ്പന, ഉപയോഗം എന്നിവ തടയുന്നതിനും നിയന്ത്രിക്കുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ബോധവൽക്കരണ പരിപാടികൾ കൂടുതൽ ജനകീയമാക്കുന്നതിനും കാര്യപ്രാപ്തിയിൽ എത്തിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സംബന്ധിച്ച സർവ്വേയിലെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | മയക്കമരുന്ന് ഭീഷണിക്കെതിരെ എക്സൈസ് വകുപ്പ് നാല് ഘട്ടമായി ആസൂത്രണം ചെയ്തിരിക്കുന്ന | (ബി) | സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ വിമുക്തി മിഷന്റെ |

പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ;

നേതൃത്വത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും വിവിധ സർക്കാർ വകുപ്പുകളുടെയും സാമൂഹിക സാംസ്കാരിക സന്നദ്ധ രാഷ്ട്രീയ ജാതിമത യുവജന സംഘടനകളുടെയും സഹകരണത്തോടെ ആരംഭിച്ച ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഒന്നാം ഘട്ടം 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെയും രണ്ടാം ഘട്ടം 2022 നവംബർ 16 മുതൽ ജനുവരി 26 വരെയും മൂന്നാം ഘട്ടം പ്രവർത്തനം 2023 ഒക്ടോബർ 2 മുതൽ 2024 ജനുവരി 30 വരെയും നാലാം ഘട്ടം 2024 ജൂൺ 1 മുതൽ 2025 ജനുവരി 30 വരെയും സംഘടിപ്പിച്ചിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും സ്കൂൾ തലത്തിലും ജനജാഗ്രതാ സമിതികളുടെ രൂപീകരണം, പട്ടികജാതി പട്ടിക വർഗ്ഗ മേഖല, തീരദേശ മേഖല എന്നിവിടങ്ങളിൽ പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, ഹോസ്റ്റലുകൾ, ക്ലബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി സഹകരിച്ച് പ്രചരണ പരിപാടികൾ, അതിഥി തൊഴിലാളികൾക്കിടയിൽ ലഹരിക്കെതിരെ അവബോധം, കായിക വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ ഒരു ഗോൾ എന്ന മുദ്രാവാക്യത്തോടെ ഗോൾ ചലഞ്ച്, മയക്ക് മരുന്ന് ഉപയോഗവും വിൽപ്പനയും ഇല്ലായെന്ന് ഉറപ്പ് വരുത്തിയ പ്രദേശങ്ങളിൽ ബോർഡുകൾ സ്ഥാപിക്കൽ, വിദ്യാലയങ്ങൾ, ട്യൂഷൻ സെന്ററുകൾ, കോച്ചിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് അവബോധവും സോഷ്യൽ ഓഡിറ്റിംഗും, ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കൽ, സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലായി ലഹരിക്കെതിരെ മനുഷ്യ ചങ്ങല സംഘടിപ്പിക്കൽ, സ്കൂളുകളിൽ പ്രത്യേക അസംബ്ലി ചേർന്ന് ബോധവൽക്കരണ ക്ലാസുകൾ, പ്രതിജ്ഞ എന്നിവ സംഘടിപ്പിക്കൽ, കച്ചവട സ്ഥാപനങ്ങളിൽ "ഈ സ്ഥാപനത്തിൽ ലഹരി ഉൽപ്പന്നങ്ങൾ വിൽക്കുന്നില്ല" എന്ന ബോർഡ് സ്ഥാപിക്കാൻ നിർദ്ദേശം നൽകൽ, 2024-25 അധ്യയന വർഷം സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് ആശംസ കാർഡുകളും കോളേജ് തലത്തിൽ ലഹരി വിരുദ്ധ സന്ദേശം അടങ്ങിയ നോട്ടീസുകളും വിതരണം ചെയ്യൽ എന്നീ പരിപാടികളാണ് ലഹരി വിരുദ്ധ ക്യാമ്പയിന്റെ ആദ്യ നാല് ഘട്ടങ്ങളിൽ സംഘടിപ്പിച്ച പ്രധാന പരിപാടികൾ. ടി ക്യാമ്പയിന്റെ ഭാഗമായി സ്കൂൾ തലത്തിൽ 59874 ബോധവൽക്കരണ പരിപാടികളും, കോളേജ് തലത്തിൽ 5645ബോധവൽക്കരണ പരിപാടികളും, പൊതു ജനങ്ങൾക്കായി 20354 ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ

| | | | |
|---|---|---|---|
| | | | തുടർച്ചയായി ക്യാമ്പയിന്റെ അഞ്ചാം ഘട്ടം 2025 ജൂൺ 26 മുതൽ 2026ജനുവരി 26 വരെ സംഘടിപ്പിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം വകുപ്പുകൾ എപ്രകാരമാണ് സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | വിമുക്തി മിഷന്റെ നേതൃത്വത്തിൽ 2025 ജൂൺ 26 മുതൽ 2026ജനുവരി 26 വരെ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ അഞ്ചാം ഘട്ടം പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, വനിതാ ശിശുവികസനം, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം, ആരോഗ്യം, പോലീസ്, പട്ടികജാതി പട്ടികവർഗ്ഗ വികസനം, കായികം, തൊഴിൽ, സാംസ്കാരികം, യുവജനകാര്യം, മത്സ്യബന്ധനം, വിവരപൊതുജന സമ്പർക്കം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു. ഓരോ വകുപ്പുകളും നടപ്പിലാക്കേണ്ട പരിപാടികൾ ഉൾപ്പെടുന്ന പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കി അതാത് വകുപ്പുകൾ നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | എക്സൈസ് വകുപ്പ് വിദ്യാഭാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്ന ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിശദമാക്കാമോ? | (ഡി) | ലഹരിയിൽ കുടുങ്ങിയവരെ ജീവിതത്തിലേക്ക് തിരികെ എത്തിക്കുവാൻ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ ആരംഭിച്ച വിമുക്തി പദ്ധതിയിലൂടെ 2021 മുതൽ 2025 ആഗസ്റ്റ് വരെ ലഹരിക്കടിമപ്പെട്ട 8592 കുട്ടികളെ പുതുജീവിതത്തിലേക്ക് എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിച്ച് ഭാവിതലമുറയെ ലഹരിയിൽ നിന്ന് അകറ്റി നിർത്തി ലഹരി മുക്ത കേരളം സാക്ഷാത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് വിമുക്തി മിഷന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്നുണ്ട്. സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകളും, കോളേജ് തലത്തിൽ ശ്രദ്ധ/ നേർക്കൂട്ടം കമ്മിറ്റികളും രൂപീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ ലഹരിക്കെതിരായ ചിന്ത വളർത്തുന്ന അനവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. അതിലൂടെ വിദ്യാർത്ഥികളെ ലഹരിയിൽ നിന്നും അകറ്റി നിർത്തുന്നതിന് സാധിക്കുന്നുണ്ട്. വിമുക്തി പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിലൂടെയും വിദ്യാർത്ഥികളെ ലഹരിക്കടിമപ്പെടാതെ പഠനത്തിലേക്ക് എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ